## പ്രധാനമന്ത്രി ഘാന പാർലമെന്റിനെ അഭിസംബോധന ചെയ്തു (ജൂലൈ 03, 2025)

ജൂലൈ 03, 2025

ഇന്ന് ഘാന പാർലമെന്റിന്റെ പ്രത്യേക സെഷനെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അഭിസംബോധന ചെയ്തു, ഘാന പാർലമെന്റിൽ സംസാരിക്കുന്ന ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായി അദ്ദേഹം മാറി. പാർലമെന്റ് സ്പീക്കർ, ബഹുമാനപ്പെട്ട ആൽബൻ കിംഗ്സ്ഫോർഡ് സുമാന ബാഗ്ബിന്റെ അധ്യക്ഷതയിൽ ചേർന്ന സെഷനിൽ പാർലമെന്റ് അംഗങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, ഇരു രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ട അതിഥികൾ എന്നിവർ പങ്കെടുത്തു. ഇന്ത്യ-ഘാന ബന്ധത്തിലെ സുപ്രധാന നിമിഷമായി ഈ പ്രസംഗം മാറി, ഇരുരാജ്യങ്ങളെയും കൂട്ടിയിണക്കുന്ന പരസ്പര ബഹുമാനത്തെയും പൊതുവായ ജനാധിപത്യ മൂല്യങ്ങളെയും പ്രതിഫലിപ്പിക്കുന്നതായിരുന്നു പ്രധാനമന്ത്രിയുടെ അഭിസംബോധന.

2. സ്വാതന്ത്ര്യത്തിനായുള്ള സംയുക്ത പോരാട്ടങ്ങളിലൂടെയും ജനാധിപത്യത്തിനും സമഗ്ര വികസനത്തിനുമുള്ള പൊതുവായ പ്രതിബദ്ധതയിലൂടെയും രൂപപ്പെട്ട, ഇന്ത്യയും ഘാനയും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെക്കുറിച്ച് പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. തനിക്ക് നൽകിയ ദേശീയ ബഹുമതിക്ക് ഘാന പ്രസിഡന്റ് ജോൺ ഡ്രാമണി മഹാമയ്ക്കും ഘാനയിലെ ജനതയ്ക്കും അദ്ദേഹം നന്ദി അറിയിച്ചു, ഇത് നിലനിൽക്കുന്ന സൗഹൃദത്തിന്റെ പ്രതീകമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. മഹാനായ ഘാന നേതാവ് ഡോ. ക്വാമെ എൻക്രുമയുടെ സംഭാവനകളെ അനുസ്മരിച്ചുകൊണ്ട്, ഐക്യം, സമാധാനം, നീതി എന്നിവയുടെ ആദർശങ്ങളാണ് ശക്തവും ശാശ്വതവുമായ പങ്കാളിത്തങ്ങളുടെ അടിത്തറയെന്ന് ശ്രീ. മോദി വ്യക്തമാക്കി.

3. “നമ്മെ ഒന്നിപ്പിക്കുന്ന ശക്തികൾ അന്തർലീനമാണ്; നമ്മെ അകറ്റി നിർത്താൻ ശ്രമിക്കുന്ന ബാഹ്യശക്തികളേക്കാൾ കരുത്തുറ്റതുമാണ്” എന്ന ഡോ. എൻക്രുമയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ജനാധിപത്യ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിന്റെ ദീർഘകാല സ്വാധീനത്തിന് ഊന്നൽ നൽകി, ജനാധിപത്യമൂല്യങ്ങൾ പരിപോഷിപ്പിക്കേണ്ടതിന്റെ പ്രാധാന്യം പ്രധാനമന്ത്രി അടിവരയിട്ടു. ജനാധിപത്യത്തിന്റെ

മാതാവായ ഇന്ത്യ സ്വന്തം സംസ്കാരത്തിന്റെ ഭാഗമായി ജനാധിപത്യ ധാർമ്മികത സ്വീകരിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ഇന്ത്യയിലെ ജനാധിപത്യത്തിന്റെ ആഴമേറിയതും ഊർജസ്വലവുമായ വേരുകളും എടുത്തുപറഞ്ഞു. ഘാനയുടെ സ്വന്തം ജനാധിപത്യ യാത്രയിൽ പ്രതിധ്വനിക്കുന്ന മൂല്യമായ, നാനാത്വത്തിൽ ഏകത്വം നൽകുന്ന ശക്തിയുടെ തെളിവായി ഇന്ത്യയുടെ വൈവിധ്യത്തെയും ജനാധിപത്യ ശക്തിയെയും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാ വ്യതിയാനം, തീവ്രവാദം, മഹാമാരികൾ, സൈബർ ഭീഷണികൾ തുടങ്ങിയ ആഗോള വെല്ലുവിളികൾ അദ്ദേഹം ഉയർത്തിക്കാട്ടി, ആഗോള ഭരണത്തിൽ ഗ്ലോബൽ സൗത്തിന്റെ കൂട്ടായ ശബ്ദത്തിനും ആഹ്വാനം ചെയ്തു. ഈ സാഹചര്യത്തിലാണ്, ജി-20 യിൽ ഇന്ത്യ അധ്യക്ഷപദവിയിലായിരുന്നപ്പോൾ ആഫ്രിക്കൻ യൂണിയനെ സ്ഥിരാംഗമായി ഉൾപ്പെടുത്തിയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

4. പ്രധാനമന്ത്രി ഘാന യുടെ ഊർജ്ജസ്വലമായ പാർലമെന്ററി സംവിധാനത്തെ പ്രശംസിക്കുകയും ഇരു രാജ്യങ്ങളുടെയും നിയമനിർമാണസഭകൾ തമ്മിലുള്ള വർധിച്ചുവരുന്ന വിനിമയങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ, ഘാന-ഇന്ത്യ പാർലമെന്ററി സൗഹൃദസംഘം സ്ഥാപിക്കുന്നതിനെ അദ്ദേഹം സ്വാഗതം ചെയ്തു. 2047 ആകുമ്പോഴേക്കും രാജ്യത്തെ ഒരു വികസിത രാജ്യമാക്കി മാറ്റുന്നതിനുള്ള ഇന്ത്യൻ ജനതയുടെ ദൃഢനിശ്ചയം എടുത്തുകാട്ടിയ പ്രധാനമന്ത്രി, ഘാനയുടെ പുരോഗതിക്കും സമൃദ്ധിക്കും വേണ്ടിയുള്ള പരിശ്രമത്തിൽ അവരോടൊപ്പം ഇന്ത്യ തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുമെന്നും വ്യക്തമാക്കി.

5. പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം. here

അക്ര

ജൂലൈ 03, 2025